# അന്യഗ്രഹം

# സ്തുതിയായിരിക്കട്ടെ...!

അമ്പതുകളുടെ തുടക്കത്തിലാരംഭിച്ച കർഷകോദ്ധാരണ പദ്ധതികൾ ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു. കാർഷികോന്നമനത്തിന് ആദ്യമായി കൊണ്ടുവന്ന വിവിധോദ്ദേശ പദ്ധതിയാണല്ലോ കമ്മ്യൂണിറ്റി പ്രോജക്ടുകൾ! കാലാന്തരത്തിൽ ചില ഭേദഗതികളോടുകൂടി എൻ.ഇ.എസ്. ബ്ലോക്കും നിലവിൽവന്നു. ഇടക്കാലത്ത് 'ഏല'യും നമ്മളെ അനുഗ്രഹിച്ചു. ഇപ്പോൾ കർഷനോടുള്ള കാരുണ്യം 'കാഡ'യിലും കൃഷിഭവനിലും ഒതുങ്ങിനില്ക്കുകയാണ്.

ജപ്പാൻ മോഡൽ, കടുംകൃഷി, കൂട്ടുകൃഷി ഇങ്ങനെ എതെല്ലാം വൈതരണികളിൽകൂടി കടത്തിക്കൊണ്ടുപോയി കർഷകന് മോക്ഷം കൊടുക്കാൻ. എന്നിട്ടും മോക്ഷം കിട്ടിയില്ല. ഇപ്പോൾ 'ഗാലസ' എന്ന മന്ത്രം ദിവസത്തിൽ 1000 പ്രാവശ്യം ഉരുവിട്ടാൽ മതിയെന്ന് കല്പിച്ചിരിക്കയാണ്. ഇതിനൊക്കെവേണ്ടി വണ്ടി എത്ര ഓടി, പെട്രോൾ എത്ര ചെലവായി. എന്തുണ്ടായി? ഉദ്യോഗസ്ഥൻ തെളിഞ്ഞു. കർഷകൻ വലഞ്ഞു!

എതെല്ലാം രാസവളക്കൂട്ടുകൾ, പുതിയ പുതിയ ബ്രാന്റുകൾ മാറി മാറി നമ്മുടെ മണ്ണിനെ തീറ്റിച്ചു. വാഴയ്ക്ക് നല്ല എൻ.പി.കെ. മിശ്രിതം 10:10:10 ആണെന്ന് ഇക്കൊല്ലം പറഞ്ഞാൽ അടുത്ത വർഷം 10:17:8 ആണെന്ന് പറയും. ഇതൊക്കെ കൂട്ടലും കുറയ്ക്കലുമാണ് കുറെ ആൾക്കാരുടെ പണി. അതുകഴിഞ്ഞ് പുറത്തുവിടുന്നതിന്റെ പേരാണ് ഗവേഷണഫലം.

നമ്മുടെ കൃഷിയിൽ വിപ്ലവമുണ്ടാക്കി എന്നാണവരവകാശപ്പെടുന്നത്. പുതിയ പുതിയ വിത്തിനങ്ങൾ നമ്മുക്ക് തന്നല്ലോ. മെതിച്ചാൽ വീഴാത്തതരം നെല്ലിന് മെതിയന്ത്രം തന്നല്ലോ. ചാഴിക്കും പുഴുവിനും മാത്രം എന്തെങ്കിലും ചെയ്യേണ്ടിയിരുന്നു നമുക്ക് വിത്ത് നിലം തൊടുന്നതിനു മുമ്പ് കുഴയ്ക്കാവുന്നതും പിന്നീട് തളിക്കാവുന്നതും തൂറ്റാകുന്നതുമൊക്കെയായി സ്വദേശി മുതൽ വിദേശി വരെയുള്ള എത്ര എത്ര കുത്തകകളുടെ കീടനാശിനികളാണ് കിട്ടുമാറാക്കിയത്. ഇതിനൊക്കെ നമ്മുടെ ഹരിതവിപ്ലവനായകന്മാരെ എത്ര സ്തുതിച്ചാലാണ് മതിയാവുക!

ഞങ്ങൾ ഞങ്ങളുടെ പഴയകൃഷിരീതിയിലേക്ക് തിരിച്ചുപോവുകയാണ്. ഞങ്ങൾക്ക് ഉപദേശങ്ങളൊന്നും വേണ്ട. ഞങ്ങളെ സഹായിക്കാൻ സർക്കാരിന് താല്പര്യമുണ്ടെങ്കിൽ ഒരു കൃഷി മന്ത്രിയും പഴയതുപോലെ ഒരു സെക്രട്ടറിയും മതി. ഞങ്ങൾക്ക് തരുന്ന ആനുകൂല്യങ്ങൾ ഗ്രാമപഞ്ചായത്തുകളിൽകൂടി ഞങ്ങൾ പങ്കുവച്ചുകൊള്ളാം.

**പീപ്പി.**